പ്രേക്ഷിതൻ

ഋഷിരാജ് സിംഗ്
ട്രാൻസ്പോർട്ട് കമ്മീഷണർ
കേരള

സ്വീകർത്താവ്

വിഷയം: പ്രായപൂർത്തിയാവാത്ത വിദ്യാർത്ഥികൾ വാഹനം ഓടിക്കുന്നത് സംബന്ധിച്ച്.

സർ,

വിദ്യാർത്ഥികൾ ഉൾപ്പെടുന്നതും കാരണമാകുന്നതുമായ ഒരുപാട് റോഡപകടങ്ങൾ കേരളത്തിലെ വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്. ലൈസൻസില്ലാതെയും ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ വാഹനം കടമെടുത്ത് ഓടിക്കുമ്പോഴും മറ്റുമാണ് ഈ അപകടങ്ങൾ ഉണ്ടാകുന്നത്. ആയതിനാൽ കേരളത്തിലെ എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്, കോളേജ് പ്രിൻസിപ്പാൾ എന്നിവർക്കായ് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലൈസൻസ് ലഭിക്കുവാൻ പ്രായം തികയാത്തവർ വാഹനം ഓടിച്ച് സ്ഥാപനങ്ങളിൽ വരുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

2. വാഹനം ഓടിച്ച് വരുന്നവർക്ക് ലൈസൻസ് ഉണ്ടെന്നും അവർ ഹെൽമറ്റ് ഉപയോഗിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക.

3. സ്വന്തം പേരിലുള്ള വാഹനമല്ലെങ്കിൽ ആ വാഹനം കോമ്പൗണ്ടിൽ പാർക്ക് ചെയ്യുവാൻ അനുവദിക്കാതിരിക്കുക.

4. ഇതിനു വിരുദ്ധമായി കാണുന്ന കാര്യങ്ങൾ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുക.

കേരളത്തിലെ സ്കൂൾ കോളേജ് അങ്കണങ്ങൾ അപകട വിമുക്തമാക്കുവാനും മോട്ടോർ സൈക്കിൾ സവാരി മൂലമുണ്ടാകുന്ന അപകടം കുറക്കുവാനും ഉദ്ദേശിച്ചിട്ടുള്ള ഈ നടപടികളോട് സർവ്വാത്മനാ സഹകരിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ട്രാൻസ്പോർട്ട് കമ്മീഷണർ

ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ